No.CEE/200/5LLB-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം–695 001.

# വിജ്ഞാപനം

## 2020–21 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനം മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2020–21 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 06.10.2020 വൈകുന്നേരം 5.00 മണി വരെ നിലവിലുള്ള ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. സ്പോർട്സ് ക്വാട്ട സംവരണ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റും ഈ ഘട്ടത്തിൽ നടത്തിയിട്ടുണ്ട്.

വെബ്സൈറ്റിലെ **'Integrated Five Year LL.B 2020 - Candidate Portal'**-ലൂടെ **ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും** കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ്ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

മൂന്നാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മുൻ ഘട്ടത്തിലെ അലോട്ട്മെന്റിന് മാറ്റം വന്നവരും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുണ്ടെങ്കിൽ ഓൺലൈനായോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസിലോ ഒടുക്കിയശേഷം അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 18 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **12.10.2020** മുതൽ **16.10.2020** വരെ വൈകുന്നേരം **3.30** മണിക്ക് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാഹോം/നിർഭയഹോം/ജുവനൈൽഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും EWS ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജുകൾക്ക് ബാധകമായ ഫീസ് ഒടുക്കേണ്ടതാണ്.

**കുറിപ്പ്: കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ, ലോ കോളേജുകളിലെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയായി ക്രമീകരിച്ചിരിക്കുന്നതിനാൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 3.30 ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനത്തിനായി എത്തിച്ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.**

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **16.10.2020 വൈകുന്നേരം 4.00 ന് മുമ്പായി** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

***മൂന്നാം ഘട്ട അലോട്ട്മെന്റിന്റ് നടപടികൾ പൂർത്തിയായതിനുശേഷം സീറ്റുകൾ ഒഴിവ് വരുന്നെങ്കിൽ, പ്രസ്തുത സീറ്റുകളിലേക്ക് മോപ്പ്-അപ്പ് അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട വിശദമായ വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.***

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
10.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**